പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 466 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബസുകൾ സ്വകാര്യ ആവശ്യത്തിന് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

ചോദ്യം

ശ്രീ. കെ. എം. ഷാജി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസുകൾ മുൻകൂട്ടി ബുക്ക് ചെയ്ത് ടൂറിസ്റ്റുകൾക്കും കല്യാണ ആവശ്യങ്ങൾക്കും കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരെ കൊണ്ടുപോകുന്നതിനും അനുവദിക്കാറുണ്ടോ ; എങ്കിൽ അതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | അനുവദിക്കാറുണ്ട്. നിബന്ധനകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അനുവദിക്കുന്ന വാഹനങ്ങളുടെ വാടക തീരുമാനിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; ഇതിൽ ആർക്കെങ്കിലും ഇളവ് അനുവദിക്കാറുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം നൽകാമോ ; ഇളവനുവദിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഡീസലിന്റെയും അനുബന്ധ സാമഗ്രികളുടെയും അതാത് കാലത്തെ വിലയും പ്രവർത്തന ചിലവുമാണ് പ്രൈവറ്റ് ഹയർ അടിസ്ഥാനത്തിൽ നൽകുന്ന ബസ്സിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം. ഡീസലിന്റെ വിലയിലും അനുബന്ധ ചിലവുകളിലുമുണ്ടായ വർദ്ധനവിനെ തുടർന്ന് അവസാനമായി വാടക, പുതുക്കി നിശ്ചയിച്ചത് 11.10.2012-ലാണ്. നിശ്ചയിച്ചിട്ടുള്ള വാടകയിൽ ഇളവ് അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പ്രൈവറ്റ് ഹയർ നിരക്ക് സംബന്ധിച്ച നിബന്ധനകൾ

| | |
|---|---|
| 5 മണിക്കൂർ വരെയുള്ളതിന് (പരമാവധി 100 കി.മീറ്ററിന്) | കി.മീറ്റർ നിരക്ക് 40/- രൂപ വെയ്റ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 6000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 6000/- രൂപയിൽ കുറവാണെങ്കിൽ 6000/- രൂപയും 6000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം |
| 6 മണിക്കൂർ വരെയുള്ളതിന് (പരമാവധി 150 കി.മീറ്ററിന്) | കി.മീറ്റർ നിരക്ക് 40/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 9000/- രൂപ ഇപ്രകാരം കണക്കാക്കുന്ന തുക 9000/- രൂപയിൽ കുറവാണെങ്കിൽ 9000/- രൂപയും 9000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂർ വരെയുള്ളതിന് (പരമാവധി 200 കി.മീറ്ററിന്) | കി.മീറ്റർ നിരക്ക് 40/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 12000/- രൂപ ഇപ്രകാരം കണക്കാക്കുന്ന തുക 12000/- രൂപയിൽ കുറവാണെങ്കിൽ 12000/- രൂപയും 12000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂറിനും 200 കി.മീറ്ററിനും മുകളിൽ | കി.മീറ്റർ നിരക്ക് 40/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 15000/- രൂപ ഇപ്രകാരം കണക്കാക്കുന്ന തുക 15000/- രൂപയിൽ കുറവാണെങ്കിൽ 15000/-രൂപയും 15000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |

ഐ.ടി മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കും, കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും, വിദ്യാലയങ്ങൾക്കും കി.മീറ്ററിന് നിലവിൽ ഈടാക്കുന്ന 40/- രൂപ അതുപോലെ തുടരുന്നതാണ്. വെയിറ്റിംഗ് സമയം ആവശ്യമില്ലാത്ത നിലയിൽ പ്രത്യേക ഗ്രൂപ്പുകൾക്കായി സർവീസിനിടയ്ക്ക് പ്രൈവറ്റ് ഹയർ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ട്രിപ്പുകൾക്ക് കി.മീറ്ററിന് 40/- രൂപ എന്ന നിലവിലുള്ള നിരക്കും തുടരുന്നതാണ്. മേൽ സൂചിപ്പിച്ച ചാർട്ടിൽ ഓരോ വിഭാഗത്തിലും മിനിമം ചാർജ്ജിന് പുറത്തു വരുന്ന ഓരോ കിലോമീറ്ററിനും 40 രൂപ നിരക്കിൽ ഈടാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ